## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 31.08.2026**

### പ്രധാനവാർത്തകൾ

1. കൂടുതൽ തൊഴിൽ അവസര ങ്ങൾ സൃഷ്ടിക്കാൻ ഹൈടെക് വ്യവസായത്തിന് കേരളം മുൻഗണന നൽകണമെ ന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃ ഷ്ണൻ. രണ്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ന്യൂഡൽഹിയിലേക്ക് മടങ്ങി.
2. സെമികണ്ടക്ടർ ചിപ്പ് നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് 1.27 ലക്ഷം കോടി രൂപയുടെ സെമികോൺ 2.0 പദ്ധതിക്ക് അംഗീകാരം നൽകി കേ ന്ദ്ര സർക്കാർ.
3. ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാല സംഘടിപ്പിക്കുന്ന പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേ ക്കർ നാളെ ഉദ്ഘാടനം ചെ യ്യും.
4. രാജ്യത്തെ ഏറ്റവും വലിയ ലഹരിമരു ന്നു വേട്ടയാണ് ഓപ്പറേഷൻ തൂഫാൻ എ ന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഉന്നതബന്ധത്തിൻറെ പേരിൽ കു റ്റക്കാർക്ക് യാതൊരു വി ട്ടുവീഴ്ചയും ഉ ണ്ടാകില്ലെന്നും ആഭ്യന്തര മന്ത്രി.
5. നേപ്പാളിൽ മിന്നൽ പ്രളയത്തിൽ മരി ച്ചവരുടെ എ ണ്ണം 903 ആയി. ര ക്ഷാ - ദുരിതാശ ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതം.

RNU TVPM

6. ട്വന്റി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശ് ഇന്ന് ഇന്തോനേഷ്യയെ നേരിടും. മത്സരം രാത്രി 8 ന് ദുബായിൽ.

*************************************

## രാഷ്ട്രപതി

2047- ൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ യുവതലമുറയുടെ സംഭാവനയുണ്ടാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജോലിതേടുന്നവരിൽ നിന്നും തൊഴിൽദാതാക്കളായി യുവതലമുറ മാറണമെന്നും ശ്രീമതി ദ്രൗപദി മുർമു ആഹ്വാനം ചെയ്തു. ഫാഷൻ മേഖലയിലെ വർധിച്ചുവരുന്ന വനിതാ പ്രാതിനിധ്യം അഭിനന്ദനീയമാണെന്നും രാഷ്ട്രപതി പറഞ്ഞു.

*************************************

## ഉപരാഷ്ട്രപതി - കൊച്ചി (ഇൻട്രോ)

കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഹൈടെക് വ്യവസായത്തിന് കേരളം മുൻഗണന നൽകണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കൊച്ചി രാജഗിരി സ്കൂൾ ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഹൈടെക് വ്യവസായത്തിലൂടെ വിദേശങ്ങളിലേക്കുള്ള കുടിയേറ്റം അവസാനിപ്പിക്കാൻ സാധിക്കുമെന്നും പ്രവാസികളായ കേരളീയരെ തിരികെ കൊണ്ടുവരാൻ കഴിയുമെന്നും ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

(വോയ്സ്)

RNU TVPM

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

************************************

## ഉപരാഷ്ട്രപതി -ലക്ഷദ്വീപ്

ലക്ഷദ്വീപ് സന്ദർശനം പൂർത്തിയാക്കിയ ശേഷമാണ് ഉപരാഷ്ട്രപതി കൊച്ചിയിലെത്തിയത്. മത്സ്യ ബന്ധന മേഖലയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ലക്ഷദ്വീപിന്റെ സാമ്പത്തിക വികസനത്തിന് ചരിത്രപരമായ ഉണർവേകുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. അഗത്തി ദ്വിപിൽ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ആകെ സമുദ്ര സാമ്പത്തിക മേഖലയുടെ ആറിൽ ഒന്ന് ലക്ഷദ്വീപിൽ നിന്നാണെന്നും ഇതാണ് ദ്വീപുകളുടെ യഥാർത്ഥ സമുദ്ര ശക്തിയെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. പ്രധാൻമന്ത്രി മത്സ്യ സമ്പദ് യോജനയുടെ ഗുണഭോക്താക്കൾക്കുള്ള സഹായ വിതരണവും ഉപരാഷ്ട്രപതി നിർവഹിച്ചു. മിഷൻ രംഗീൻ മച്ലി കർമ്മപദ്ധതിക്കും അദ്ദേഹം തുടക്കമിട്ടു. രണ്ട് ദിവസത്തെ കേരളം - ലക്ഷദ്വീപ് സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ന്യൂഡൽഹിക്ക് മടങ്ങി.

************************************

## സെക്രട്ടേറിയറ്റ്-ക്രമീകരണങ്ങൾ

സെക്രട്ടേറിയറ്റിൽ സന്ദർശകർക്ക് മുഖ്യമന്ത്രിയെ കാണുന്നതുമായി ബന്ധപ്പെട്ട് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പൊതുഅവധി അല്ലാത്ത തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം മൂന്നു മുതൽ 5.30 വരെ സന്ദർശകർക്ക് മുഖ്യമന്ത്രിയെ കാണാം. പ്രായമായവർ, ഭിന്നശേഷിക്കാർ, ശാരീരിക അവശതയുള്ളവർ എന്നിവരെ

RNU TVPM

സെക്രട്ടേറിയറ്റ് വളപ്പിലെ പരാതി പരിഹാര സെല്ലിൽ മുഖ്യമന്ത്രി നേരിട്ട് കാണും.

******************************************

## മന്ത്രി രമേശ് ചെന്നിത്തല (ഇൻട്രോ)

രാജ്യം കണ്ട ഏറ്റവും വലിയ ലഹരിമരുന്നു വേട്ടയാണ് ഓപ്പറേഷൻ തൂഫാൻ എന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. മുഖ്യമന്ത്രിയുമായോ ആഭ്യന്തമന്ത്രിയുമായോ ബന്ധമുണ്ടെന്നു കരുതി കുറ്റക്കാരുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

( ഹോൾഡ് -വോയിസ് )

******************************************

## ഗവർണർ

ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മ വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാല നാളെ സംഘടിപ്പിക്കുന്ന പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. രാവിലെ സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ നടക്കുന്ന പരിപാടിയിൽ മന്ത്രിമാരായ റോജി എം. ജോൺ, ഒ. ജെ. ജനീഷ്, ഇന്ത്യൻ ഹോക്കി ടീം പരിശീലകൻ ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ് എന്നിവർ പങ്കെടുക്കും.

******************************************

## കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്

രാജ്യത്തെ സെമികണ്ടക്ടർ ചിപ്പ് നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് 1.27 ലക്ഷം കോടി രൂപയുടെ സെമികോൺ 2.0 പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. വരും വർഷങ്ങളിൽ ആഗോള സെമികണ്ടക്ടർ വിപണിയുടെ ഏകദേശം 10

PNU TVPM

ശതമാനം വിഹിതം കൈവരിക്കാൻ ഇതിലൂടെ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

**************************************

## ട്വന്റി-20 വനിതാ ഏഷ്യ കപ്പ്

ട്വന്റി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റിൽ, ഗ്രൂപ്പ് ബി മത്സരത്തിൽ ബംഗ്ലാദേശ് ഇന്ന് ഇന്തോനേഷ്യയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8:00 മണിക്കാണ് മത്സരം. ഹോങ്കോങ്ങുമായി ഇന്ത്യയുടെ രണ്ടാം മത്സരം സെപ്റ്റംബർ 3 ന് നടക്കും.

RNU TVPM

**************************************

## നേപ്പാൾ-നോർക്ക (ഇൻട്രോ)

നേപ്പാളിൽ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 903 ആയി. 4,200 ലേറെ പേരെ ഇനിയും കണ്ടെത്താനുണ്ട്. 933 തൊഴിലാളികൾ ത്രിശൂലി ജലവൈദ്യുത പദ്ധതികളുടെ തുരങ്കങ്ങളിൽ കുടുങ്ങിക്കിടക്കുന്നതായി കരുതുന്നു. രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുകയാണ്. അതെസമയം, നേപ്പാളിലേക്കുള്ള യാത്ര തടസപ്പെട്ടതിനെ തുടർന്ന് കേരളത്തിൽ നിന്നുള്ള 44 പേർ കൂടി സുരക്ഷിതരായി തിരിച്ചെത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്റ്റിതി എം പള്ളുരുത്തി.....**

(വോയിസ്)

************************************

## ഐപിഎസ് ഉദ്യോഗസ്ഥൻ അന്തരിച്ചു

ഒഡീഷ കേഡർ ഐപിഎസ് ഉദ്യോഗസ്ഥനും മലയാളിയുമായ ഷെഫിൻ അഹമ്മദ് അന്തരിച്ചു. 50 വയസ്സ് ആയിരുന്നു. രോഗബാധിതനായി ചികിത്സയിലായിരുന്നു. ഒഡീഷയിൽ ക്രൈംബ്രാഞ്ച് ഐജിയാണ്. ഐജി ഷെഫീൻ അഹമ്മദിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവർ അനുശോചിച്ചു.

************************************

## ബാല്യസ്പന്ദനം

അങ്കണവാടി കുട്ടികൾക്കായുള്ള ആരോഗ്യപരിശോധനാ പദ്ധതി 'ബാല്യസ്പന്ദനം' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ മറ്റെന്നാൾ നിർവഹിക്കും. തിരുവനന്തപുരം വട്ടിയൂർക്കാവ് കൊടുങ്ങാനൂരുള്ള കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ചടങ്ങ്. അങ്കണവാടികളിലൂടെ സേവനം ലഭിച്ചുവരുന്ന മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി ആരോഗ്യ പരിശോധന ഉറപ്പാക്കുകയും തുടർചികിത്സയും നിരീക്ഷണവും ലഭ്യമാക്കുകയും ചെയ്യുകയാണ് ഈ ത്രൈമാസ ആരോഗ്യ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

*************************************************************************************************************

***************************************************

RNU TVPM